# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2239** 17.02.2016-ൽ മറുപടിയ്ക്ക്

## ആദിവാസി യൂണിവേഴ്സിറ്റി സ്ഥാപിക്കുന്നതിനുള്ള സാദ്ധ്യതകൾ

**ചോദ്യം**
ശ്രീ.കെ.സുരേഷ് കുറുപ്പ്
ശ്രീ.റ്റി.വി.രാജേഷ്
ശ്രീ.ആർ.രാജേഷ്
ശ്രീ.ബി.സത്യൻ

**മറുപടി**
ശ്രീമതി.പി.കെ.ജയലക്ഷ്മി
(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും
കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| എ) | ആദിവാസി മേഖലയിലെ കുട്ടികൾക്ക് വിദ്യാഭ്യാസം സുഗമമാക്കുന്നതിനും വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനും ആദിവാസി യൂണിവേഴ്സിറ്റി സ്ഥാപിക്കുമെന്ന പ്രഖ്യാപനത്തിന്റെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ; | എ) & ബി) | ആധുനിക വിദ്യാഭ്യാസ രീതിയും ഗോത്രവർഗ്ഗ സംസ്കൃതിയും തമ്മിലുള്ള അന്തരം കാരണം ചില ആദിവാസി കുട്ടികൾ പഠനം ഉപേക്ഷിക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടപ്പോഴാണ് ഇതു സംബന്ധിച്ച പഠനം നടത്തി വകുപ്പ് ഗുരുകുലം എന്ന വിദ്യാഭ്യാസ പദ്ധതിക്ക് രൂപം കൊടുത്തത്. ലോക പ്രശസ്തി നേടിയ ഒഡീഷയിലെ ഭുവനേശ്വറിൽ പ്രവർത്തിക്കുന്ന കലിംഗ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസിന്റെ മാതൃകയിൽ നഴ്സറിതലം മുതൽ ബിരുദാനന്തര ബിരുദം വരെ ഒരു കുടക്കീഴിൽ പൂർണ്ണമായി റസിഡൻഷ്യൽ രീതിയിൽ നടത്തുന്നതിന് അവസരം ഒരുക്കുകയാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യം. ഗോത്രസംസ്കാരവും പൈതൃകഭാഷയും നൈപുണ്യ വികസനത്തോടൊപ്പം കുട്ടികളുടെ അഭിരുചിക്ക് അനുസരിച്ചായിരിക്കും പദ്ധതി നടപ്പിലാക്കുക. വയനാട് ജില്ലയിലെ മാനന്തവാടിയിലുള്ള മക്കിമലയിലാണ് ഇതു സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്. ഇതിന്റെ പ്രാരംഭഘട്ടമെന്ന നിലയിൽ പ്രീ-പ്രൈമറി തലം 2016-17 അധ്യയന വർഷം ആരംഭിക്കുന്നതാണ്. |
| ബി) | ആദിവാസി യൂണിവേഴ്സിറ്റി സ്ഥാപിക്കുന്നതിനുള്ള സാദ്ധ്യതകളെ കുറിച്ച് എന്തെങ്കിലും പഠനം നടത്തിയതിനു ശേഷമാണോ പ്രഖ്യാപനം നടത്തിയത്; വിശദാംശം വ്യക്തമാക്കാമോ; | | |

| | | | |
|---|---|---|---|
| സി) | എങ്കിൽ ആദിവാസി യൂണിവേഴ്സിറ്റി സ്ഥാപിക്കുന്നതിന് സാദ്ധ്യമാകാത്തതിന്റെ കാരണം വ്യക്തമാക്കാമോ? | സി) | പ്രസ്തുത പദ്ധതി സമയബന്ധിതമായി നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടിക്രമങ്ങൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ